# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4067

## 12-11-2019 - ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

<table>
<tr><th>ചോദ്യം<br><br>ശ്രീ. ടി.എ.അഹമ്മദ് കബീർ</th><th>മറുപടി<br><br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി, ആർ.ടി.ഒ. എന്നിവരുടെ അനുമതി ആവശ്യമാണോ;</td><td rowspan="5">എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം അനുവദിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ടി പ്രവൃത്തികൾക്ക് നിർബന്ധിതമായി നിഷ് കർഷിച്ചിട്ടുള്ള നിബന്ധനകളെല്ലാം പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ട ചുമതല അതാത് ഗുണഭോക്തൃ വകുപ്പുകൾക്കാണുള്ളത്. ആയതിനാൽ ഇത്തരം നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിക്കാറില്ല.</td></tr>
<tr><td>ബി) 2019-20 സാമ്പത്തിക വർഷം നാളിതുവരെ ഇത്തരത്തിൽ അനുവദിച്ച ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾക്ക് റോഡ് സേഫ്റ്റി അതോറിറ്റി, ആർ.ടി.ഒ. എന്നിവരുടെ കൺകറൻസ് എല്ലാ നിയോജകമണ്ഡലങ്ങളിലും ലഭ്യമായിട്ടുണ്ടോ;</td></tr>
<tr><td>സി) പ്രസ്തുത വിവരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;</td></tr>
<tr><td>ഡി) മങ്കട നിയോജകമണ്ഡലത്തിലെ പ്രസ്തുത പ്രവൃത്തികൾക്ക് റോഡ് സേഫ്റ്റി അതോറിറ്റി , ആർ.ടി.ഒ. എന്നിവരുടെ അനുമതി ആവശ്യമാണെന്ന് മലപ്പുറം ജില്ലയിലെ ദേശീയ പാത ഓഫീസിൽ നിന്നറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ</td></tr>
<tr><td>ഇ) ഈ അറിയിപ്പ് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നൽകിയിരിക്കുന്നത്; വ്യക്തമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ